2026
SEPTEMBER
14
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# ഇന്ത്യയുടെ നീക്കത്തിൽ ട്രംപിന് ആശങ്ക: ആഗോള സാമ്പത്തിക ഭൂപടം മാറ്റിവരച്ച് ബ്രിക്സ്

**ന്യൂദൽഹി:** ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സമാപിച്ച 18ാമത് ബ്രിക്സ് ഉച്ചകോടി ആഗോള സാമ്പത്തിക, രാഷ്ട്രീയ സമവാക്യങ്ങളെ അടിമുടി പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചിരിക്കുകയാണ്. റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവരടക്കമുള്ള പ്രമുഖ ലോകനേതാക്കളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ ഉച്ചകോടിയിൽ, ആഗോള വ്യാപാരത്തിൽ ഡോളറിന്റെ സമ്പൂർണ ആധിപത്യം കുറയ്ക്കുക എന്നതായിരുന്നു പ്രധാന ചർച്ചാവിഷയം.

ഒരു ഏകീകൃത കറൻസി എന്നതിലുപരി അംഗരാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകൾ സ്വന്തം കറൻസികളിലേക്ക് മാറ്റാനും, പാശ്ചാത്യ രാജ്യങ്ങൾ നിയന്ത്രിക്കുന്ന സ്വിഫ്റ്റ് ശൃംഖലയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ 'ബ്രിക്സ് പേ' പോലുള്ള ഡിജിറ്റൽ സങ്കേതങ്ങൾ ശക്തിപ്പെടുത്താനുമാണ് ഡൽഹി പ്രഖ്യാപനം പ്രാമുഖ്യം നൽകിയത്.

ബ്രിക്സിന്റെ ഈ സാമ്പത്തിക നീക്കങ്ങൾ അമേരിക്കൻ ഭരണകൂടത്തിൽ വലിയ അസ്വസ്ഥതകളാണ് സൃഷ്ടിക്കുന്നത്. മുൻപും സമാന വിഷയങ്ങളിൽ കടുത്ത നിലപാടെടുത്തിട്ടുള്ള യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ഈ നീക്കങ്ങളെ നിസ്സാരമായി കാണുന്നില്ല. ഡോളറിനെതിരെയുള്ള ഏത് കൂട്ടായ്മയ്ക്കും ശക്തമായ തിരിച്ചടി നൽകുമെന്നും, ഡോളറിനെ അട്ടിമറിക്കാൻ ശ്രമിക്കുന്ന രാജ്യങ്ങളുടെ ഉൽപന്നങ്ങൾക്ക് അമേരിക്കൻ വിപണിയിൽ 100 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്തുമെന്നും ട്രംപ് തുറന്നടിച്ചിട്ടുണ്ട്. അമേരിക്കൻ വിപണിയെ ആശ്രയിക്കുന്ന രാജ്യങ്ങൾക്ക് മേൽ കടുത്ത സമ്മർദം ചെലുത്തുന്നതാണ് ഈ ഭീഷണി.

അതേസമയം, ഡൽഹി ഉച്ചകോടി ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ശക്തമായ തന്ത്രപ്രധാന ബന്ധത്തെ ബാധിക്കില്ലെന്നാണ് രാജ്യാന്തര നിരീക്ഷകരുടെ വിലയിരുത്തൽ. അമേരിക്കൻ വിരുദ്ധ ചേരിയുണ്ടാക്കുക എന്നതല്ല, മറിച്ച് അപ്രതീക്ഷിത പാശ്ചാത്യ ഉപരോധങ്ങളിൽ നിന്ന് സ്വന്തം വിപണിയെയും രൂപയെയും സംരക്ഷിക്കുക മാത്രമാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് ന്യൂഡൽഹി വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യപസഫിക് മേഖലയിലെ പ്രതിരോധ പങ്കാളിത്തത്തിലും ക്വാഡ് കൂട്ടായ്മയിലും ഇന്ത്യ യുഎസിന് അത്യന്താപേക്ഷിത ഘടകമായതിനാൽ, ട്രംപിന്റെ വാക്പോരുകൾ നിലനിൽക്കുമ്പോഴും ഇന്ത്യയുഎസ് ഉഭയകക്ഷി ബന്ധത്തിൽ വിള്ളൽ വീഴാൻ സാധ്യതയില്ല.



# കുറഞ്ഞ ചെലവിൽ വൈദ്യുതി: കരാർ നിരസിച്ച് കേരളം, ഉടൻ ഒപ്പിട്ട് സ്വന്തമാക്കി ഗുജറാത്ത്

**ന്യൂദൽഹി:** വർഷം മുഴുവൻ വൈദ്യുതി ഉൽപാദിപ്പിക്കാമായിരുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ മാത്രമല്ല, കുറഞ്ഞ ചെലവിൽ വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാർ വാഗ്ദാനവും കേരളം സ്വീകരിച്ചില്ല. 184.08 മെഗാവാട്ട് വൈദ്യുതി നൽകാമെന്ന് അറിയിച്ച് 2025 ജനുവരിയിലാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡവലപ്മെന്റ് കോർപറേഷൻ (ടിഎച്ച്ഡിസി) കേരളത്തെ സമീപിക്കുന്നത്. കഴിഞ്ഞ വർഷം മാർച്ചിൽ കമ്മിഷൻ ചെയ്യുന്ന ഉത്തരാഖണ്ഡിലെ തെഹ്‌രി പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയിൽ (പിഎസ്പി) നിന്നുള്ള വൈദ്യുതി പീക്ക് സമയത്ത് ലഭ്യമാക്കാമെന്നായിരുന്നു വാഗ്ദാനം.

കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന നിരക്കും പിഎസ്പിക്കുള്ള സോളർ നിരക്കും ചേർന്നുള്ള തുകയാണ് യൂണിറ്റിന് നൽകേണ്ടിയിരുന്നത്. ഇവ രണ്ടും ചേരുമ്പോഴും യൂണിറ്റിന് 6 രൂപയോളമേ ചെലവു വരുമായിരുന്നുള്ളൂ. പമ്പിങ്ങിന് ഉപയോഗിക്കുന്ന സോളർ വൈദ്യുതിയുടെ നിരക്ക് ഓരോ വർഷവും കുറയുന്നതും ഭാവിയിൽ കേരളത്തിന് നേട്ടമാവുമായിരുന്നു.

മലയാളി എന്ന നിലയിൽ പ്രത്യേക താൽപര്യമെടുത്താണ് കേരളവുമായി കരാറുണ്ടാക്കാൻ മുന്നിട്ടിറങ്ങിയതെന്ന് അന്നു ചർച്ചകൾക്കായി കേരളത്തിലെത്തിയ ടിഎച്ച്ഡിസിയുടെ സ്പെഷൽ ഓഫിസർ എ.കെ.വിജയകുമാർ പറഞ്ഞു. മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും താൽപര്യം പ്രകടിപ്പിച്ചിട്ടും കെഎസ്ഇബി മുഖം തിരിച്ചു. കേരളം പിന്മാറിയതിനു പിന്നാലെ ഗുജറാത്ത് സർക്കാരിന് കീഴിലെ ഗുജറാത്ത് ഊർജ വികാസ് നിഗം ലിമിറ്റഡ് (ജിയുവിഎൻഎൽ) കരാർ ഒപ്പിട്ടു.

നിലവിൽ തെഹ്‌രിയിലെ പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയിൽ 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 200 മെഗാവാട്ട് ഉത്തരാഖണ്ഡും 100 മെഗാവാട്ട് വീതം രാജസ്ഥാൻ, ഹരിയാന എന്നീ സംസ്ഥാനങ്ങളും വാങ്ങുന്നു. ബാക്കി ഡൽഹിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന റിലയൻസിനു കീഴിലെ ബിആർപിഎൽ (263.52 മെഗാവാട്ട്), ബിവൈപിഎൽ (152.4 മെഗാവാട്ട്) എന്നീ കമ്പനികളാണു വാങ്ങുന്നത്.




# ടാറ്റ സൺസിന് വൻ തിരിച്ചടി; സിഐസി ലൈസൻസ് റദ്ദാക്കാനുള്ള അപേക്ഷ റിസർവ് ബാങ്ക് തള്ളി

**ന്യൂദൽഹി:** ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യാതെ, സ്വകാര്യ കമ്പനിയായി തുടരാനുള്ള ടാറ്റ സൺസിന്റെ നീക്കത്തിന് തിരിച്ചടി. നിലവിൽ റിസർവ് ബാങ്കിന്റെ മുൻനിര ബാങ്കിതര ധനകാര്യ സ്ഥാപന വിഭാഗത്തിലാണ് ടാറ്റ സൺസുള്ളത്. ഇത്തരം കമ്പനികൾ നിർബന്ധമായും ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യണമെന്നാണ് റിസർവ് ബാങ്കിന്റെ ചട്ടം.

എന്നാൽ, ലിസ്റ്റ് ചെയ്യുന്നത് ഒഴിവാക്കാനായി എൻബിഎഫ്സി ലൈസൻസ് ആയ കോർ ഇൻവെസ്റ്റ്മെന്റ് കമ്പനി റെജിസ്ട്രേഷൻ റദ്ദാക്കണമെന്ന ടാറ്റ സൺസിന്റെ അപേക്ഷ റിസർവ് ബാങ്ക് തള്ളിയെന്ന് ചില ഇംഗ്ലിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതോടെ ടാറ്റ സൺസിന് പ്രാരംഭ ഓഹരി വിൽപനയിലേക്കും തുടർന്ന് ലിസ്റ്റിങ്ങിലേക്കും കടക്കേണ്ട സ്ഥിതിയായി. ലിസ്റ്റ് ചെയ്യുന്നതോടെ ടാറ്റ സൺസ് 'പബ്ലിക്' കമ്പനിയായി മാറും. ലിസ്റ്റിങ് നടപടികളിലേക്ക് കടക്കാൻ റിസർവ് ബാങ്ക് ആവശ്യപ്പെട്ടെന്നും അറിയുന്നു.

ടാറ്റ സൺസിനെ ലിസ്റ്റ് ചെയ്യുന്നതിനോട് ടാറ്റ ട്രസ്റ്റ്സ് ചെയർമാൻ നോയൽ ടാറ്റയ്ക്ക് കടുത്ത എതിർപ്പുണ്ട്. ടാറ്റ സൺസ് ചെയർമാൻ എൻ.ചന്ദ്രശേഖരന്റെ രാജിപ്രഖ്യാപനത്തിലേക്ക് വഴിതിരിച്ച ഘടകങ്ങളിലൊന്നും ഇതായിരുന്നു. ടാറ്റ സൺസ് ഒരിക്കലും വിപണിയിൽ ലിസ്റ്റ് ചെയ്യില്ലെന്ന് ചന്ദ്രശേഖരൻ രേഖാമൂലം ഉറപ്പു നൽകണമെന്ന് അടുത്തിടെ ഒരു ഡയറക്ടർ ബോർഡ് യോഗത്തിൽ നോയൽ ടാറ്റ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇരുവരും തമ്മിലെ ഭിന്നത രൂക്ഷമാകാനുള്ള കാരണങ്ങളിലൊന്നും ഇതാണ്.

2022 സെപ്റ്റംബറിലാണ് റിസർവ് ബാങ്ക് ആദ്യമായി ടാറ്റ സൺസിനെ അപ്പർലെയർ എൻബിഎഫ്സി വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. അതോടെ 3 വർഷത്തിനകം ടാറ്റ സൺസ് ഐപിഒ നടത്തി ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യേണ്ടതുമായിരുന്നു. ഇതുപ്രകാരം 2025 സെപ്റ്റംബർ ആയിരുന്നു ലിസ്റ്റിങ്ങിനുള്ള കാലാവധി. എന്നാൽ, സിഐസി റെജിസ്ട്രേഷൻ റദ്ദാക്കണമെന്ന ടാറ്റ സൺസിന്റെ അപേക്ഷ റിസർവ് ബാങ്കിന്റെ പരിഗണനയിൽ ഉള്ളതിനാൽ ലിസ്റ്റിങ് നടപടികളിലേക്ക് കടന്നില്ല. അപ്പർലെയർ വിഭാഗത്തിൽ നിന്ന് ഒഴിവാകാനായി 21,813 കോടി രൂപയുടെ വായ്പകൾ മുൻകൂർ തിരിച്ചടയ്ക്കുന്നതു ഉൾപ്പെടെയുള്ള നടപടികളും ടാറ്റ സൺസ് എടുത്തിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ദീർഘായുസ്സിനൊപ്പം ആരോഗ്യകരമായ ജീവിതത്തിനും പദ്ധതി വേണം: മുഖ്യമന്ത്രി

**കൊച്ചി:** ആയുർദൈർഘ്യം വർധിക്കുകയും മുതിർന്ന പൗരന്മാരുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ ദീർഘവും ആരോഗ്യകരവുമായ ജീവിതത്തിനായി ഇപ്പോൾ തന്നെ ആരോഗ്യപദ്ധതികൾ ആവിഷ്കരിക്കണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

കൊച്ചി ഗ്രാൻഡ് ഹയാത്തിൽ ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജിയുടെ 33ാമത് ദേശീയ സമ്മേളനമായ ഐസിസികോൺ 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

പ്രമേഹം, ഉയർന്ന രക്തസമ്മർദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ വർധിക്കുന്നത് ഹൃദ്രോഗ സാധ്യതയും ഉയർത്തുകയാണ്. മാറുന്ന ഭക്ഷണശീലങ്ങളും ജീവിതരീതികളും ഗൗരവമായി കാണണം. ചികിത്സയ്ക്കൊപ്പം രോഗപ്രതിരോധത്തിനും ഹൃദ്രോഗം നേരത്തേ കണ്ടെത്തുന്നതിനും കൂടുതൽ പ്രാധാന്യം നൽകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാനോടെക്നോളജി ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകൾ രോഗനിർണയത്തെയും ചികിത്സയെയും വലിയ തോതിൽ മാറ്റുകയാണ്. പുതിയ മരുന്നുകളും ചികിത്സാരീതികളും നിരന്തരമായ പഠനത്തിന് വിധേയമാവണം. ആരോഗ്യസംവിധാനവും സർക്കാരുകളും മെഡിക്കൽ സംഘടനകളും ഭാവിയിലെ ജനസംഖ്യാആരോഗ്യ മാറ്റങ്ങൾ മുൻകൂട്ടി കണ്ട് പദ്ധതികൾ തയ്യാറാക്കുകയും വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജി (ഐ.സി.സി.) സ്ഥിരംക്ഷണിതാവും ലോക്സഭാംഗവുമായ ഡോ. സി.എൻ. മഞ്ജുനാഥ്, ദേശീയ പ്രസിഡന്റ് ഡോ. കെ.എച്ച്. ശ്രീനിവാസ, പ്രസിഡന്റ് ഇലക്ടും സയന്റിഫിക് കമ്മറ്റി ചെയർമാനുമായ ഡോ. എ. ജാബിർ; ടോണി ചമ്മണി എം എൽ എ; സെക്രട്ടറി ഡോ. സി.എം. നാഗേഷ്, ഓർഗനൈസിങ് ചെയർമാൻ ഡോ. കെ. സുരേഷ്, ഓർഗനൈസിങ് സെക്രട്ടറി ഡോ. വിനോദ് തോമസ്, ഡോ. പി.കെ. അശോകൻ; ഡോ. നടേശ് ബി.എച്ച് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

# കെ സി ബി സി അഖില കേരള പ്രൊഫഷണൽ നാടക മേള 2026 സെപ്റ്റംബർ 18 മുതൽ 27 വരെ

**കൊച്ചി :** കെ സി ബി സി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 37ാമത് കെ സി ബി സി അഖില കേരള പ്രൊഫഷണൽ നാടക മേള 2026 സെപ്റ്റംബർ 18 മുതൽ 27 വരെ പാലാരിവട്ടം പി ഒ സി യിൽ നടത്തപ്പെടും.

സെപ്റ്റംബർ 18, വൈകിട്ട് 5.00 ന് നാടകമേളയുടെ സെപ്റ്റംബർ 18നു വൈകിട്ട് 5 നു ഉദ്ഘാടനസമ്മേളനം  മന്ത്രി പി. സി.വിഷ്ണുനാഥ് നിർവഹിക്കും. ബിഷപ്പ് മാർ തോമസ് ചക്യാത്ത് അധ്യക്ഷത വഹിക്കും. നടൻ സിജോയ് വർഗീസ് മുഖ്യാഥിതി ആയിരിക്കും. സെപ്തംബർ 19 ശനിയാഴ്ച വൈകിട്ട് 6ന് മലയാള നാടക വേദി, 'ഒരു സുന്ദര ദിവസം' സെപ്തംബർ 20 ഞായറാഴ്ച വൈകിട്ട് 6ന് അമ്പലപ്പുഴ സാരഥി 'ഞാൻ അപ്രസക്തൻ പ്രവേശനം പാസ് മൂലം. ബന്ധപ്പെടേണ്ട നമ്പർ 9446024490, 9037730071,8281054656, 9633249382

## നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ശിവഗിരിയിൽ കലാപരിപാടികൾ അവതരിപ്പിക്കാം

**ശിവഗിരി:** ഇക്കൊല്ലത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 12 മുതൽ 20 വരെ ശിവഗിരി മഠത്തിലെ മഹാസമാധി നവതി സ്മാരക അന്നക്ഷേത്രത്തിൽ പരമ്പരാഗത കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള രജിസ്ട്രേഷൻ തുടരുന്നു. ശ്രീനാരായണഗുരുദേവ വിരചിതമായ കൃതികളുടെ പാരായണത്തിന് പുറമേ അവയെ അടിസ്ഥാനമാക്കിയുള്ള നൃത്തം സംഗീതം വാദ്യമേളം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനും അവസരം ഒരുക്കിയിട്ടുണ്ട്.  ജാതിമതഭേദമെന്യേ ഗുരുദേവനിൽ ഭക്തിയും വിശ്വാസവും ഉള്ള ഏതൊരാൾക്കും പ്രസ്ഥാനങ്ങൾക്കും സമിതികൾക്കും കലാപരിപാടികൾ അവതരിപ്പിക്കാം. പുതിയ കലാകാരന്മാർക്ക് അരങ്ങേറ്റം നടത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കും. ഗുരുദേവൻ പ്രതിഷ്ഠിച്ച വിദ്യാദേവതയുടെ സന്നിധിയിൽ നടക്കുന്ന നവരാത്രി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോൾ നടന്നുവരുന്ന രജിസ്ട്രേഷനിൽ പങ്കെടുക്കാം. .വിവരങ്ങൾക്ക്: 7907538340, 9400066254



# അങ്കണവാടി കുട്ടികൾക്കായി ബാല്യസ്പന്ദനം ആരോഗ്യപരിശോധനാ കാമ്പയിനു തുടക്കം

**പാലക്കാട്:** വനിതാ ശിശു വികസനവകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന അങ്കണവാടി കുട്ടികളുടെ ആരോഗ്യപരിശോധനാ കാമ്പയിൻ ബാല്യസ്പന്ദനത്തിന് ജില്ലയിൽ തുടക്കമായി.

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപദ്ധതിയുടെ ഭാഗമായി ആരംഭിച്ച ത്രൈമാസ പദ്ധതിയിലൂടെ ജില്ലയിലെ മൂന്നുമുതൽ ആറു വയസുവരെ അങ്കണവാടിയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ആരോഗ്യവും വളർച്ചയും തുടർച്ചയായി നിരീക്ഷിക്കും.

കുട്ടികളിലെ വളർച്ചാ സംബന്ധമായ പ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, വൈകല്യങ്ങൾ എന്നിവ പ്രാരംഭഘട്ടത്തിൽതന്നെ കണ്ടെത്തി ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ അങ്കണവാടികളിൽ പരിശോധന തുടരുകയാണ്. മൂന്നുമാസത്തിലൊരിക്കൽ പരിശോധന നടത്തുന്നതിനാൽ കാഴ്ച, കേൾവി, പോഷകാഹാരക്കുറവ് എന്നിവ കൃത്യമായി നിരീക്ഷിക്കാൻ സാധിക്കും.

അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാർ അങ്കണവാടികളിലെത്തിയാണ് പരിശോധന നടത്തുന്നത്. തേങ്കുറിശി ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ജില്ലാതല ഉദ്ഘാടനം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി. ഷക്കീന നിർവഹിച്ചു.

കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വി. ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. ജില്ലാ പ്രോഗ്രാം മാനേജർ ബി. റിയാസ് മുഖ്യപ്രഭാഷണം നടത്തി.

ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ ടി.വി. മിനിമോൾ, കുഴൽമന്ദം സിഡിപിഒ എസ്. വനജ, ആർദ്രം നോഡൽ ഓഫീസർ ഡോ. അനൂപ് റസാഖ്, ജില്ലാ എഡ്യുക്കേഷൻ മീഡിയ ഓഫീസർ എസ്. സയന, പബ്ലിക്ക് ഹെൽത്ത് നേഴ്സ് റോസിലി, തേങ്കുറിശി കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ദീപ്തി നായർ തുടങ്ങിയവർ പ്രസംഗിച്ചു.



# എം.ജി.യു.വിൽ ഇന്റർഡിസിപ്ലിനറി ഹാക്കത്തോൺ

**കോട്ടയം:** സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ 2026ന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ഇന്റർഡിസിപ്ലിനറി ഹാക്കത്തോൺ സംഘടിപ്പിച്ചു. സർവകലാശാലയിൽ നടക്കുന്ന ആദ്യ ഹാക്കത്തോണാണിത്. ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ്, സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 9, 10 തീയതികളിലായിരുന്നു പരിപാടി.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഹാക്കത്തോൺ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഗിരീഷ് കുമാർ ജി.എസ്., ഡോ. രാജേഷ് കോമത്ത്, ഡോ. ആതിര പ്രകാശ്, സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് മേധാവി പ്രൊഫ. (ഡോ.) ബിന്ദു വി.ആർ., സ്കൂൾ ഓഫ് കമ്പ്യൂട്ടർസയൻസ് ഡയറക്ടർ പ്രൊഫ. (ഡോ.) ജ്യോതിഷ, ഇൻകുബേഷൻ സെന്റർ ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ., ടി.ബി. ഐ. മാനേജർ നിധീഷ് എം. തുടങ്ങിയവർ സംസാരിച്ചു.

ഹാക്കത്തോണിൽ 26 ഇന്റർഡിസിപ്ലിനറി ടീമുകൾ പങ്കെടുത്തു. ഓരോ ടീമിലും ആറ് വിദ്യാർഥികളും ഒരു ഫാക്കൽറ്റി മെന്ററും ഉൾപ്പെട്ടു. നാലുവർഷ ബിരുദ, ബിരുദാനന്തര ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാം വിദ്യാർഥികൾ പങ്കെടുത്ത പരിപാടിയിൽ സോഷ്യൽ വർക്ക്, ബയോസയൻസസ്, കൗൺസലിംഗ്, ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ്, ഡാറ്റ അനലിറ്റിക്സ്, പ്ലാന്റ് സയൻസ്, മാനേജ്മെന്റ്, സോഷ്യൽ സയൻസസ്, ഡാറ്റാ സയൻസ്, ഇക്കണോമിക്സ്, ഫിസിക്സ്, മെറ്റീരിയൽ സയൻസ് തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവർ അണിചേർന്നു.

പ്രശ്നനിർണയം, ടീം രൂപീകരണം, ആശയരൂപീകരണം, പരിഹാര വികസനം, അവതരണം തുടങ്ങിയ ഘട്ടങ്ങളിലൂടെയാണ് ടീമുകൾ മുന്നേറിയത്. വിവിധ വിഷയങ്ങളിലെ അറിവുകളും കാഴ്ചപ്പാടുകളും സംയോജിപ്പിച്ച് യഥാർഥ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് ഹാക്കത്തോൺ ലക്ഷ്യമിട്ടത്.

ഫാക്കൽറ്റി മെന്റർമാരുടെയും വിദഗ്ധരുടെയും പിന്തുണയോടെയാണ് പരിപാടി നടന്നത്. ഹാക്കത്തോണിൽ വികസിപ്പിച്ച മികച്ച ആശയങ്ങൾ തുടർന്നുള്ള ഘട്ടങ്ങളിൽ മെന്ററിംഗ്, പ്രോട്ടോടൈപ്പ് വികസനം, വാലിഡേഷൻ, ബൗദ്ധിക സ്വത്തവകാശ രജിസ്ട്രേഷൻ പിന്തുണ, ഇൻകുബേഷൻ, ഫണ്ടിംഗ് എന്നിവയിലൂടെ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

# മലയാള ശാസ്ത്രസമ്മേളനം 2026 ഗവേഷണ അറിവുകൾ പൊതുസമൂഹത്തിലേക്ക്

**കൊച്ചി:** ശാസ്ത്രസാങ്കേതിക ഗവേഷണങ്ങളിലെ പുതിയ അറിവുകളും കണ്ടെത്തലുകളും മലയാളത്തിലൂടെ പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ മലയാള ശാസ്ത്രസമ്മേളനം 2026 സെപ്റ്റംബർ 25, 26 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്നു. ഐസിഎആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചിയും, സ്വദേശി ശാസ്ത്ര പ്രസ്ഥാനം–കേരളംയും ചേർന്നാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ഭാരതീയ ഭാഷാ സമിതി യുടെ പിന്തുണയോടെയാണ് സമ്മേളനം നടക്കുന്നത്.

'ഗവേഷണ അറിവുകൾ പൊതുസമൂഹത്തിലേക്ക്' എന്ന ആശയത്തെ മുൻനിർത്തിയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ശാസ്ത്രവും സാങ്കേതികവിദ്യയും സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ മലയാളത്തിൽ അവതരിപ്പിക്കുകയും മാതൃഭാഷയിലൂടെ ശാസ്ത്രീയ ആശയവിനിമയം ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

വിവിധ ശാസ്ത്രശാഖകളിലെ ഗവേഷകർ, അധ്യാപകർ, വിദ്യാർഥികൾ, ശാസ്ത്രപ്രവർത്തകർ, ശാസ്ത്രീ എഴുത്തുകാർ, പൊതുസമൂഹ പ്രതിനിധികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. ശാസ്ത്രഗവേഷണങ്ങളുടെ സാമൂഹിക പ്രസക്തി, പ്രാദേശിക ഭാഷകളിലെ ശാസ്ത്ര ആശയവിനിമയത്തിന്റെ സാധ്യതകൾ, ഗവേഷണ അറിവുകൾ സമൂഹത്തിലെത്തിക്കുന്നതിനുള്ള പുതിയ മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും അവതരണങ്ങളും നടക്കും.

ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുന്നതിലൂടെ വിദ്യാർഥികളിലും പൊതുസമൂഹത്തിലും ശാസ്ത്രാഭിരുചി വളർത്തുന്നതിനും ഗവേഷണവും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സമ്മേളനം സഹായകരമാകും.

സമ്മേളനത്തിന്റെ ഭാഗമായി ശാസ്ത്ര പ്രബന്ധാവതരണങ്ങൾ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ, ചർച്ചകൾ തുടങ്ങിയ വിവിധ പരിപാടികളും ഉണ്ടായിരിക്കും. ഗവേഷകരുടെയും ശാസ്ത്രപ്രവർത്തകരുടെയും സജീവ പങ്കാളിത്തം സമ്മേളനത്തിൽ പ്രതീക്ഷിക്കുന്നു. ഗവേഷണ പ്രബന്ധങ്ങളുടെ മലയാളത്തിലുള്ള സംഗ്രഹം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 18 സെപ്റ്റംബർ. വിദ്യാർഥികൾക്ക് 250 രൂപയും മറ്റുള്ളവർക്ക് 500 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്ട്രേഷൻ ലിങ്ക് https://forms.gle/hLbLYhTHkNPaz2Hy9

### കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് (ഇ/ബി/ടി റിസർവേഷൻ) താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനമെങ്കിലും പരമാവധി മൂന്ന് വർഷം വരെ നീട്ടിയേക്കാം. പ്രതിമാസം 60,000 രൂപയാണ് പ്രതിഫലം. പ്രായപരിധി 50 വയസ്സ്. കെമിസ്ട്രി/പോളിമർ സയൻസിൽ എം.എസ്സിയും, പോളിമർ സയൻസ്/നാനോടെക്നോളജി/എനർജി മെറ്റീരിയൽസിൽ പിഎച്ച്.ഡിയും, ഉന്നത നിലവാരമുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളുമുള്ളവർക്ക് അപേക്ഷിക്കാം. അന്താരാഷ്ട്ര ലാബുകളിലെ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന.

താത്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച്, ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന ഇമെയിലിൽ അപേക്ഷിക്കുക. സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: mgu.ac.in.

### ഡിപ്ലോമ

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) നടത്തുന്ന കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി ഡിപ്ലോമ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല. ഓൺലൈനിലും ഓഫ് ലൈനിലുമായാണ് ക്ലാസുകൾ നടത്തുക. വിവിധ കേന്ദ്രങ്ങളിൽ പ്രായോഗിക പരിശീലനവും നൽകും. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. പരീക്ഷാ ഫീസ് ഉൾപ്പെടെ കോഴ്സിന്റെ മൊത്തം ഫീസ് 10,000 രൂപയാണ്.

താൽപര്യമുള്ളവർ ഇമെയിൽ വഴി രജിസ്റ്റർ ചെയ്യണം. സെപ്റ്റംബർ 25ന് ക്ലാസുകൾ ആരംഭിക്കും. ഇമെയിൽ: iucdsmgu@mgu.ac.in. കൂടുതൽ വിവരങ്ങൾക്ക്: 8547165178

### അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്) ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് ആൻഡ് ബ്യൂട്ടീഷ്യൻ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ഗാർമെന്റ്സ് ഇൻഡസ്ട്രിയിൽ ജോലി ലഭിക്കുന്നതിന് സഹായകരമായ രീതിയിലാണ് കോഴ്സ് നടത്തുന്നത്. ഇൻഡസ്ട്രിയൽ ട്രെയിനിംഗും പ്ലേസ്മെന്റ് സഹായവും ലഭിക്കും. സർവകലാശാലാ ക്യാമ്പസിലാണ് ഓഫ് ലൈൻ ക്ലാസുകൾ നടക്കുക. സെപ്റ്റംബർ 16ന് ക്ലാസുകൾ ആരംഭിക്കും. പ്രായപരിധിയില്ല. ഫോൺ: 9496414917, 8891391580. ഇമെയിൽ: iucdsmgu@mgu.ac.in

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ 202627 അധ്യയന വർഷത്തെ എം.എസ്.സി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 14ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി രാവിലെ 11:00ന് കൺവർജൻസ് അക്കാഡമിയ കോംപ്ലക്സിലെ റൂം നമ്പർ 302ൽ നേരിട്ട് ഹാജരാകണം.

# കുസാറ്റിൽ സ്ക്രിപ്റ്റ് ക്യാറ്റലിസ്റ്റ് തിരക്കഥാ ശില്പശാല ആരംഭിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ യുവാക്കൾക്കായി സംഘടിപ്പിക്കുന്ന ഏകദിന തിരക്കഥാ ശില്പശാലയായ 'സ്ക്രിപ്റ്റ് ക്യാറ്റലിസ്റ്റ്' ആരംഭിച്ചു.

ദേശീയ അവാർഡ് ജേതാവും തിരക്കഥാകൃത്തും സംവിധായകനും നടനുമായ സുദീപ് ജോഷി മാത്യു ശില്പശാലയ്ക്ക് നേതൃത്വം നൽകി.

തിരക്കഥാ രചനയുടെ വിവിധ തലങ്ങളും അവയുടെ പ്രായോഗിക രീതികളും ലോകസിനിമയിലെ ഉദാഹരണങ്ങളിലൂടെ അദ്ദേഹം വിശദീകരിച്ചു. യൂത്ത് വെൽഫെയർ ഡയറക്ടർ ഡോ. പി. കെ. ബേബി സംസാരിച്ചു. സർവകലാശാലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 35 വിദ്യാർഥികൾ ശില്പശാലയിൽ പങ്കെടുത്തു.

# സംസ്കൃത സർവകലാശാലയിൽ പ്രൊജക്ട് ഫെലോ

**കൊച്ചി:** കേന്ദ്ര സംസ്കൃത സർവകലാശാലയുടെ അഷ്ടാദശി പദ്ധതികളുടെ ഭാഗമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പ്രൊജക്ട് ഫെലോയുടെ ഒരു ഒഴിവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലാണ് നിയമനം. ഏതെങ്കിലും സംസ്കൃത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ പരിജ്ഞാനം, മാനുസ്ക്രിപ്റ്റോളജിയിലുള്ള പ്രാവീണ്യം എന്നിവ അഭികാമ്യ യോഗ്യതകളാണ്. പ്രായപരിധിയില്ല. യുജിസി യോഗ്യത നേടിയവർക്ക് യുജിസി അംഗീകൃത പ്രതിമാസ വേതനം ലഭിക്കും. യുജിസി യോഗ്യത ഇല്ലാത്തവർക്ക് പ്രതിമാസം 16,000/ രൂപ ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം സെപ്റ്റംബർ 14ന് രാവിലെ 10.30ന് സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ എത്തിച്ചേരണമെന്ന് സർവ്വകലാശാല അറിയിച്ചു.



# സംസ്കൃത സർവകലാശാലയിൽ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ പെയിന്റിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. കാലടി മുഖ്യ കാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ നടന്ന ചടങ്ങിൽ രജിസ്ട്രാർ ഡോ. ടി. എസ്. ലാൻസ്!ലെറ്റ് പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു. പെയിന്റിംഗ് വിഭാഗം മേധാവി ഡോ. ടി. ജി. ജ്യോതിലാൽ അധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗം കെ. കെ. കൃഷ്ണകുമാർ മുഖ്യതിഥിയായിരുന്നു. ചിത്രകാരനും എഴുത്തുകാരനുമായ ബിനോയ് പി. ജെ. മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഡോ. സാജു തുരുത്തിൽ, നിഷാദ് എം. പി. , ഡോ. ഷാജു നെല്ലായി എന്നിവർ പ്രസംഗിച്ചു.

# ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** ലോക ആത്മഹത്യാ പ്രതിരോധ ദിനത്തോടനുബന്ധിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. എൻ. ആർ. മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. 'ആത്മഹത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറ്റാം' എന്നതായിരുന്നു പരിപാടിയുടെ പ്രമേയം.

ആത്മഹത്യാ പ്രതിരോധവുമായി ബന്ധപ്പെട്ട അവബോധം, കരുതൽ, പിന്തുണ എന്നിവ പ്രോത്സാഹിപ്പിക്കുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർക്ക് ആവശ്യമായ സമയത്ത് സഹായം തേടാൻ കഴിയുന്ന പിന്തുണയുള്ള അന്തരീക്ഷം സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യവും പരിപാടിയിൽ ചൂണ്ടിക്കാട്ടി.

രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടന്ന ആദ്യ സെഷൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റും അക്കാദമിക് സൈക്കോതെറാപ്പിസ്റ്റുമായ ഡോ. മുഹമ്മദ് സാദിഖ് നേതൃത്വം നൽകി.

ഉച്ചയ്ക്ക് 2 മുതൽ 4 വരെ നടന്ന രണ്ടാമത്തെ സെഷന് തൃശൂർ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. ഷജിന കെ. എസ്. നേതൃത്വം നൽകി.

# തടയാം, തെങ്ങിന്റെ വേരുചീയൽ രോഗവും കാറ്റുവീഴ്ചയും

കേരളീയർക്ക് പരിചിതമായ തെങ്ങിന്റെ കാറ്റുവീഴ്ചയെ ശാസ്ത്രലോകം കേരള കോക്കനട്ട് റൂട്ട് വിൽറ്റ് ഡിസീസ് എന്നാണു വിളിക്കുന്നത്.

ലോകത്തിൽ ആദ്യമായി തെങ്ങിന്റെ വേര് ചീയൽ രോഗം കണ്ടെത്തിയത് തിരുവിതാംകൂറിൽ 1902ൽ ബ്രിട്ടീഷ് മൈക്കോളജിസ്റ്റ് മിസ്റ്റർ ബട്ലറാണ്.

വേര് ചീയൽ ബാധിച്ച തെങ്ങിൽ അദ്ദേഹം ബോട്രോപോഡിയ ഉൾപ്പെടെയുള്ള കുമിളുകളുടെ സാന്നിധ്യം സ്ഥിരീകരിച്ചു.

പിന്നീടുള്ള 70 വർഷത്തെ കേരളത്തിലെയും വിദേശത്തെയും ഗവേഷണങ്ങളിൽ മിസ്റ്റർ ബട്ലറുടെ പാത പിന്തുടർന്ന് രോഗാണുക്കളെയും ഫംഗസുകളെയും കണ്ടെത്തുകയായിരുന്നു.

കേരളത്തിലെ കാറ്റുവീഴ്ച രോഗം തമിഴ്നാടിന് വേര് വാടൽ ആണ്. കോക്കനട്ട് റൂട്ട് വിൽറ്റ് ഡിസീസിന്റെ തമിഴ് പരിഭാഷ അവർ നൽകി. കോയമ്പത്തൂർ, തേനി, തെങ്കാശി, ദിണ്ഡുഗൽ, കന്യാകുമാരി തുടങ്ങിയ അതിർത്തി ജില്ലകൾ വഴി കേരളത്തിൽനിന്ന് രോഗം അതിവേഗം ഉൾനാടുകളിലേക്കു പടരുകയാണ്.

കാറ്റുവീഴ്ച രോഗം ഒരു വർഷം ആറുമുതൽ എട്ടു കിലോമീറ്റർ വ്യാപിക്കുന്നതായാണ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ പഠനത്തിൽ പറയുന്നത്. എന്നാൽ, പഴയ സ്ഥിതിയല്ല ഇപ്പോഴുള്ളത്.

രോഗബാധിത വിത്തുതേങ്ങയിലൂടെ രോഗമില്ലാത്ത ഇടങ്ങളിലേക്ക് അതിവേഗം രോഗം പടരുകയാണ്.

മഞ്ഞളിപ്പാണ് (യെല്ലോയിംഗ്) രോഗത്തിന്റെ ആദ്യലക്ഷണം. ഓലകളെ ആദ്യഘട്ടത്തിൽ ചെറിയ തോതിൽ മഞ്ഞ നിറം ബാധിക്കുന്നു. പിന്നീട് മഞ്ഞ നിറം കൂടിവരുന്നു.

രോഗത്തിന്റെ രണ്ടാംഘട്ടത്തിൽ ഓലപ്പൊളികളിൽ പുള്ളി വീഴും. ഓലക്കാലുകൾക്ക് ബലക്ഷയമുണ്ടാകുന്നതിനൊപ്പം ഓല കരിച്ചിലും ഉണ്ടാകും. ഈർക്കിലുകൾക്ക് ബലം കുറയും. മൃഗങ്ങളുടെ വാരിയെല്ലുപോലെ ഉള്ളിലേക്ക് വളയും. ഓല കുറുകും.

തെങ്ങോലകളുടെ മഞ്ഞളിപ്പിനു പിന്നാലെ മച്ചിങ്ങ കൊഴിച്ചിൽ ആരംഭിക്കും. 20ഉം 30ഉം മച്ചിങ്ങ പിടിച്ചാലും ക്രമേണ കൊഴിഞ്ഞുപോകും. കായ്ക്കുന്ന തേങ്ങയിൽ കുറേയെണ്ണം പേടാകും.

പേടിന്റെ കൊപ്രയിൽനിന്ന് എണ്ണ കുറവായിരിക്കും. പൂങ്കുല കരിങ്കുലയാകുന്നതാണ് പൂങ്കുലകളുടെ അബോർഷൻ. ഇതോടെ തെങ്ങ കായ്ക്കുന്നത് ഏതാണ്ട് അവസാനിക്കും.

മഞ്ഞളിപ്പ് ലക്ഷണം തെങ്ങിന്റെ മണ്ടയിൽ പ്രത്യക്ഷപ്പെടുന്നതിനു മുൻപേ വേരുകൾ ചീഞ്ഞു തുടങ്ങും. എന്നാൽ, കർഷകരുടെ ശ്രദ്ധയിൽപെടാറില്ല. ആദ്യഘട്ടത്തിൽ വേരിന്റെ തുമ്പ് അഴുകുകയും ബാക്കി വേര് നിലനിൽക്കുകയും ചെയ്യും.

പിന്നീടു മുളയ്ക്കുന്ന വേര് നീളത്തിൽ വളരാതെ അഴുകിയും വാടിയും നശിക്കും. തെങ്ങിനെ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്ന താങ്ങു വേരുകൾ, വളവും വെള്ളവും പോഷകങ്ങളും വലിച്ചെടുക്കുന്ന ഫീഡിംഗ് വേരുകൾ, പുറം വേരുകൾ എന്നിവ നശിക്കും.

ഇതോടെ തെങ്ങ് പൂർണമായും വേര് ചീയൽ രോഗത്തിന് അടിമയാകുന്നു. കായ്ഫലം കുറയുകയും മണ്ട ഉണങ്ങിപ്പോകുകയും ചെയ്യുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെ തെങ്ങിന്റെ വേരുകളെല്ലാം അഴുകുന്നതോടെ മറിഞ്ഞു വീഴുകയും ചെയ്യുന്നു.

വേരു ചീയൽ രോഗം ബാധിക്കുകയും ആരോഗ്യം നശിക്കുകയും ചെയ്യുമ്പോൾ തെങ്ങിന്റെ മണ്ടയ്ക്ക് ഫംഗസ് ബാധിച്ചാണ് ഓല ചീയൽ രോഗം ഉണ്ടാകുന്നത്.

ഗുരുതരാവസ്ഥയിൽ രോഗം എത്തിയാൽ മണ്ടയ്ക്ക് മരുന്നടിച്ചില്ലെങ്കിൽ കൂമ്പ് അഴുകുന്നതോടെ തെങ്ങ് നശിക്കാറുണ്ട്. ഓല ചീയൽ രോഗത്തിന്റെ അടിസ്ഥാന കാരണം വേരു ചീയലാണ്.

വേര് ചീയൽ ബാധിക്കുന്നതിനൊപ്പം വേര് കട്ടിയാകും. തെങ്ങിന്റെ വേരിന്റെ അഗ്രത്തിലെ ദ്വാരം വഴിയാണ് വെള്ളവും വളവും വലിച്ചെടുക്കുന്നത്. വേരിന്റെ തുമ്പ് അഴുകുന്നതോടെ വളവും വെള്ളവും വലിച്ചെടുക്കാനുള്ള കഴിവ് നഷ്ടമാകും.

വേര് കട്ടിയാകുകയും വേരിലെ സുഷിരങ്ങൾ അടഞ്ഞു പോകുകയും ചെയ്യും. അതിനാൽ ഓക്സിജൻ വലിച്ചെടുക്കാൻ കഴിയാതാകും. ചെറിയതോതിലെങ്കിലും വലിച്ചെടുക്കുന്ന പോഷകങ്ങൾ ഉപയോഗിച്ചുള്ള പ്രകാശ സംശ്ലേഷണം അഥവാ പാചകം മുടങ്ങും.

തെങ്ങിന്റെ എല്ലാ ഭാഗത്തേക്കും ആവശ്യത്തിന് പാചകം ചെയ്ത വിഭവങ്ങൾ എത്തിക്കാൻ കഴിയാതാകും. ഈ അവസ്ഥയിൽ തെങ്ങ് സ്വയം രക്ഷയ്ക്കായി മച്ചിങ്ങ കൊഴിച്ചിലും പൂങ്കുലകളുടെ അബോർഷനും ഉണ്ടാക്കും.



കോക്കനട്ട് റൂട്ട് വിൽറ്റ് ഡിസീസ് (കാറ്റുവീഴ്ച) രോഗത്തിനു ഇതേവരെ ഗവേഷകർ മരുന്ന് കണ്ടുപിടിച്ചിട്ടില്ല. രോഗബാധിത തെങ്ങുകൾക്ക് ചില പരിചരണങ്ങൾ നൽകി തെങ്ങ് നശിക്കാതെ മുന്നോട്ടുകൊണ്ടുപോകാമെന്നു മാത്രം.

രോഗബാധിത മേഖലയിലെ രോഗം ബാധിക്കാത്ത തെങ്ങിന്റെ തേങ്ങ മുളപ്പിച്ചെടുത്ത് നട്ടുപിടിപ്പിച്ചാൽ പുതിയ തെങ്ങിൻ തൈകകളിൽ രോഗം ബാധിക്കുന്നില്ലെന്നു തിരിച്ചറിഞ്ഞത് തൃശൂരിലെ കർഷകരാണ്.

കായംകുളം ഗവേഷണ കേന്ദ്രം കർഷകന്റെ അറിവ് ശാസ്ത്രീയമായി തെളിയിക്കുകയും എലൈറ്റ് തെങ്ങ് പുറത്തിറക്കുകയും ചെയ്തു. തെങ്ങിന്റെ കാറ്റുവീഴ്ച, കീടങ്ങൾ, പുതിയ ഉത്പന്നങ്ങൾ, പുതിയ തെങ്ങിൻതൈ ഗവേഷണം തുടങ്ങിയവ സംബന്ധിച്ച പരീക്ഷണങ്ങളെല്ലാം കാസർഗോഡ്, കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സംഭാവനകളാണ്.

500 ലേറെ ഗവേഷണ പദ്ധതികളും അത്രയും ഗവേഷണ പ്രബന്ധങ്ങളും അതിന്റെ എത്രയോ ഇരട്ടി റിസർച്ച് പേപ്പറുകളും സിപിസിആർഐ സംഭാവന ചെയ്തു. അതേസമയം കേരള കാർഷിക സർവകലാശാല വിരലിൽ എണ്ണാവുന്ന ഗവേഷണങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

നിയമസഭയിലെ എല്ലാ തെങ്ങിനും റൂട്ട് വിൽറ്റ് ഡിസീസാണ്. വേരു ചീയൽ ബാധിച്ച തെങ്ങിന് വൃക്ഷായുർവേദ മരുന്നു നൽകിയപ്പോൾ പുതിയ വേരു മുളച്ചതായും അവ നിലനിൽക്കുന്നതായും കായ്ക്കാതെ നിന്ന തെങ്ങിൽ 13 മുതൽ 17 തേങ്ങവരെ കായ്ച്ചു നിൽക്കുന്നതായും കൃഷി ഓഫീസർ ഷെല്ലി നിയമസഭാ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചു.

മുൻ കൃഷി ഡയറക്ടർ ആർ. ഹേലിയുടെ നിർദേശപ്രകാരമാണ് മരുന്നു നൽകിയതും ഇതു സത്യമാണെന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ചതും. ഇതേക്കുറിച്ചു പഠിക്കാൻ മുഖ്യമന്ത്രി കാർഷിക സർവകലാശാലയെ നിയോഗിച്ചു.

നിയമസഭയിലെ തെങ്ങുകളിൽ ഓലചീയൽ രോഗമാണെന്ന റിപ്പോർട്ടാണ് കാർഷിക സർവകലാശാലയുടെ ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രം സമർപ്പിച്ചത്. തെങ്ങ് രോഗത്തിൽ വേര് ചീയലിന്റെ കാര്യം ഒഴിവാക്കുന്ന രീതി ഇവിടേയും കാർഷിക സർവകലാശാല നടപ്പാക്കി.

കേരളത്തിലെ വിത്തുതേങ്ങ സംഭരണ കേന്ദ്രമാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല. നാദാപുരം, കുറ്റ്യാടി നിയോജക മണ്ഡലങ്ങളിൽ നിന്നാണ് കാർഷിക സർവകലാശാലയും കൃഷി വകുപ്പും വിത്തു തേങ്ങ സംഭരിക്കുന്നത്.

അവിടെ തെങ്ങുകൾ മഞ്ഞളിക്കുകയും കായ്ഫലം തീരെ കുറയുകയും ചെയ്തു. കർഷകരുടെ മുറവിളിയെ തുടർന്ന് നിയോഗിക്കപ്പെട്ട കാർഷിക സർവകലാശാലയിലെ അധ്യാപകർ റിപ്പോർട്ട് ചെയ്തതും കൃഷി ഓഫീസർമാർക്ക് നൽകിയ നിർദേശവും തെങ്ങിന് മഞ്ഞളിപ്പ് രോഗമെന്നാണ്.

കർഷകർ വേര് ചീയലിന് മരുന്നു നൽകി മടുത്തു. കുറ്റ്യാടിയിലും വേര് ചീയലിന്റെ കാര്യം മനപൂർവം ഒഴിവാക്കി.

കണ്ണൂരിലെ തെങ്ങുകൾക്ക് വേരുചീയലും മഞ്ഞളിപ്പും ബാധിച്ചതോടെ കായ്ഫലം തീരെ കുറഞ്ഞു. കർഷകരുടെ ആവശ്യപ്രകാരം മുൻ മുഖ്യമന്ത്രി ഉദ്യോഗസ്ഥരെ പഠനത്തിന് നിയോഗിച്ചു. മഞ്ഞളിപ്പ് രോഗമാണെന്നു ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകി.

അവിടേയും അടിസ്ഥാന രോഗമായ വേരുചീയലിന്റെ കാര്യം ഒഴിവാക്കി മുഖ്യമന്ത്രിയെ ഉദ്യോഗസ്ഥർ പറ്റിച്ചു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കൃഷിവകുപ്പും 2014-15ൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ തെങ്ങു രോഗം സംബന്ധിച്ച് സമഗ്ര പഠനവും സംസ്ഥാനത്തെ റൂട്ട് വിൽറ്റ് ഡിസീസ് ഉൾപ്പെടെയുള്ള രോഗങ്ങളുടെ അവലോകനവും നടത്തുകയും പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

കണ്ണൂർ, ധർമ്മടം എന്നിവിടങ്ങളിലെ 50 ശതമാനത്തിലേറെ തെങ്ങുകളിൽ റൂട്ട് വിൽറ്റ് ഡിസീസ് ആണെന്നും തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ തെങ്ങുകളിൽ 100 ശതമാനവും രോഗബാധിതമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

എന്നാൽ, തെങ്ങുകളിൽ ഓല മഞ്ഞളിപ്പാണ് എന്ന തെറ്റായ റിപ്പോർട്ടാണ് മുൻമുഖ്യമന്ത്രിക്ക് പഠനത്തിൽ പങ്കാളികളായ ജില്ലാ കൃഷി ഓഫീസർ സമർപ്പിച്ചത്. കേരളത്തിന്റെ കള്ളറയായ ചിറ്റൂരിൽ 100 ശതമാനം തെങ്ങിനും റൂട്ട് വിൽറ്റ് ഡിസീസ് ആണ്. അതിനാലാണ് ചിറ്റൂരിൽ കള്ളും തേങ്ങയും കിട്ടാത്ത സാഹചര്യമുണ്ടായത്.

കേരളത്തിൽ തെങ്ങിന്റെ വേര് ചീയൽ രോഗം ഭയാനകമായി ബാധിക്കാത്ത എത്രയോ തുരുത്തുകളുണ്ട്. അവിടേക്കെല്ലാം സർക്കാർ ചെലവിൽ കേരള കാർഷിക സർവകലാശാലയും കൃഷി വകുപ്പും ചേർന്ന് വിത്തു തേങ്ങ വഴി രോഗം പടർത്തുകയാണ്.

രോഗബാധിത തെങ്ങിന്റെ തേങ്ങയുടെ ഭ്രൂണത്തിൽ രോഗാണു ഉണ്ടെന്നും തൈ മുളച്ചാലും അവ തെങ്ങിന്റെ വളർച്ചയ്ക്കൊപ്പം പെറ്റുപെരുകുമെന്നും തെളിയിച്ച് കേന്ദ്ര തോട്ടവിള ഗവേഷണം എത്രയോ ഗവേഷണ പ്രബന്ധങ്ങൾ പുറത്തിറക്കിട്ടുണ്ട്.

ഈ ഗവേഷണ ഫലങ്ങൾ നിലനിൽക്കേ, വെള്ളായണി കാർഷിക കോളജും ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രവും സ്വന്തം പറമ്പിലേയും രോഗബാധിതമായ പൊള്ളാച്ചിയിലേയും 100 ശതമാനം രോഗബാധിത തെങ്ങുകളുടെ തേങ്ങ മുളപ്പിച്ച് നേരിട്ടും പഞ്ചായത്തുകൾ വഴിയും തൈ വിതരണം തുടരുകയാണെന്ന് വിവരാവകാശ അപേക്ഷയിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രോഗം പടർത്തുന്ന സ്ഥാപനങ്ങളായി കാർഷിക സർവകലാശാലയും ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രവും പ്രവർത്തിക്കുകയാണ്. കേരളത്തിന്റെ കള്ളറയാണ് പാലക്കാട്ടെ ചിറ്റൂർ. ഈമേഖലയിൽ 100 ശതമാനം വേരുചീയൽ രോഗമാണ്.

ചിറ്റൂരിനോടു ചേർന്നു കിടക്കുന്ന കോയമ്പത്തൂർ ജില്ലയിൽ പെടുന്ന പൊള്ളാച്ചിയാണ് കാർഷിക സർവകലാശാലയുടെയും കൃഷിവകുപ്പിന്റെയും രണ്ടാമത്തെ വിത്തുതേങ്ങ സംഭരണ കേന്ദ്രം. കാർഷിക സർവകലാശാല സംസ്ഥാനമൊട്ടാകെ രോഗം പടർത്തുകയാണ്.

ഫൈറ്റോപ്ലാസ്മയെന്ന സൂക്ഷ്മ ജീവിയുടെ പേരിലാണ്, കാറ്റുവീഴ്ചയെന്നു പേരു നൽകിയ വേരു ചീയൽ രോഗത്തിന്റെ പേരിൽ കേരള കാർഷിക സർവകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കണ്ടുപിടിത്തങ്ങളെ തള്ളിപ്പറഞ്ഞ് കേരളത്തിലെ തെങ്ങു കൃഷിക്കാരെ കബളിപ്പിക്കുന്നത്.

റൂട്ട് വിൽറ്റ് ഡിസീസ് ബാധിതമായ എല്ലാ തെങ്ങിന്റെയും വേരിൽ ഫൈറ്റോപ്ലാസ്മയില്ല. സിപിസിആർഐയിൽ നിന്ന് തിരുവനന്തപുരം ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങു ഗവേഷണ കേന്ദ്ര (സിടിസിആർഐ) ത്തിലേക്കു മാറിയ ഡോ. പത്മനാഭൻ പോറ്റിയാണ് റൂട്ട് വിൽറ്റ് ഡിസീസ് ബാധിത തെങ്ങുകളുടെ വേരിൽ ഫൈറ്റോപ്ലാസ്മയെന്ന സൂക്ഷ്മാണുവിനെ കണ്ടെത്തിയത്.

കാറ്റുവീഴ്ചയ്ക്കു കാരണമായ രോഗാണുവിനെ കണ്ടെത്തിയെന്നു സിപിസിആർഐ പ്രഖ്യാപിക്കുകയും ചെയ്തതാണ് ഉടക്കിന്റെ കാരണം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ആറു വർഷത്തിനുശേഷം ഡൽഹി ഗ്വാംഗ്ചൗ വിമാന സർവീസ്

**ന്യൂദൽഹി:** ചൈനയിലെ ഗ്വാംഗ്ചൗവിനും ന്യൂഡൽഹിക്കുമിടയിലുള്ള നേരിട്ടുള്ള വിമാന സർവീസുകൾ ആറു വർഷത്തെ ഇടവേളയ്ക്കുശേഷം പുനരാരംഭിക്കുന്നു.

ചൈനീസ് വിമാനക്കമ്പനിയായ ചൈന സതേൺ എയർലൈൻസാണ് സർവീസ് പുനരാരംഭിക്കാൻ ഒരുങ്ങുന്നത്. ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിംഗ് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ത്യയിലെത്തുന്നതിന് തൊട്ടുമുമ്പാണ് ഈ നിർണായക പ്രഖ്യാപനം.

2020ൽ കോവിഡ് വ്യാപനവും ഡൊക്‌ലാം, ഗാൽവാൻ അതിർത്തി സംഘർഷങ്ങളും കാരണമാണ് ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യോമഗതാഗതം നിർത്തിവച്ചിരുന്നത്. തുടർന്ന്, 2024ലും 2025ലും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഷി ജിൻപിംഗും തമ്മിൽ നടത്തിയ കൂടിക്കാഴ്ചകളെത്തുടർന്ന് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണ നിലയിലായതോടെയാണ് സർവീസുകൾ ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കുന്നത്.

ഈമാസം 21 മുതൽ ഡൽഹിഗ്വാംഗ്ചൗ യാത്രാസർവീസുകൾ പുനരാരംഭിക്കുന്നതോടെ, ദക്ഷിണേഷ്യയിലെ തങ്ങളുടെ എട്ട് റൗണ്ട്ട്രിപ്പ് റൂട്ടുകളിലായി പ്രതിവാരം നൂറിലധികം സർവീസുകൾ നടത്താനാണ് ലക്ഷ്യമിടുന്നതെന്ന് എയർലൈൻ അധികൃതർ അറിയിച്ചു.

ഈ വർഷം ഫെബ്രുവരിയിൽ എയർ ഇന്ത്യ ഡൽഹിയിൽനിന്നുള്ള ചൈനീസ് സർവീസുകൾ പുനരാരംഭിച്ചിരുന്നു. പിന്നാലെ കോൽക്കത്തയിൽനിന്ന് ഷാങ്ഹായിലേക്ക് മാർച്ച് 30ന് ഇൻഡിഗോ പ്രതിദിന നോൺ സ്റ്റോപ്പ് സർവീസും ആരംഭിച്ചു. എയർ ചൈന ഏപ്രിലിൽ ബെയ്ജിംഗ്ഡൽഹി സർവീസും, ചൈന ഈസ്റ്റേൺ എയർലൈൻസ് കുൻമിംഗ് കോൽക്കത്ത സർവീസും പുനരാരംഭിച്ചിരുന്നു.




# വിദേശ നാണ്യശേഖരം 785.71 ബില്യൺ ഡോളർ

**മുംബൈ:** സെപ്റ്റംബർ നാലിന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ ശേഖരം 44.90 ബില്യൺ ഡോളർ വർധിച്ച് എക്കാലത്തെയും ഉയർന്ന നിരക്കായ 785.7 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

ഓഗസ്റ്റ് 28ന് അവസാനിച്ച മുൻ വാരത്തിൽ രാജ്യത്തെ വിദേശനാണ്യ ശേഖരം 11 ബില്യൺ ഡോളർ വർധിച്ച് 740.80 ബില്യൺ ഡോളറിലെത്തിയതിനുശേഷമാണ് ഈ പുതിയ വളർച്ച.റിസർവ് ശേഖരത്തിലെ ഏറ്റവും വലിയ ഘടകമായ വിദേശ നാണ്യ ആസ്തികൾ (എഫ്‌സിഎ) ഈ ആഴ്ചയിൽ 47.4 ബില്യൺ ഡോളർ വർധിച്ച് 648.17 ബില്യൺ ഡോളറിലെത്തി.മാർച്ച് അവസാനം രേഖപ്പെടുത്തിയതിനേക്കാൾ 95.886 ബില്യൺ ഡോളറിൻറെയും തൊട്ടു മുൻ വർഷം ഇതേ കാലയളവിനേക്കാൾ 63.692 ബില്യൺ ഡോളറിൻറെയും വർധനയാണ് വിദേശനാണ്യ ആസ്തികളിലുണ്ടായിരിക്കുന്നത്.ഈ സ്വർണശേഖരം 2.594 ബില്യൺ ഡോളർ കുറഞ്ഞ് 113.8 ബില്യൺ ഡോളറിലെത്തി. മാർച്ച് അവസാനം രേഖപ്പെടുത്തിയതിനേക്കാൾ 1.580 ബില്യൺ ഡോളറിന്റെ കുറവുണ്ടായി. എന്നാൽ മുൻ വർഷം ഇതേ കാലയളവിനേക്കാൾ 23.517 ബില്യൺ ഡോളർ കൂടുതലുമാണ്.

# ഇന്ത്യയിലെ ആദ്യ എൽഇഡി കെഡ്രിറ്റ് കാർഡുമായി എയു സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** എയു സ്മോൾ ഫിനാൻസ് ബാങ്ക് വിസ, ചെക്ക് എന്നിവരുമായി ചേർന്ന് ഇന്ത്യയിലെ ആദ്യ എൽഇഡി ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026ൽ വെച്ചാണ് ചെക്ക് എയു ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചത്. ലൈഫ് ടൈം ഫ്രീ കാർഡാണിത്.

കോൺടാക്റ്റ്ലെസ് പേയ്മെന്റുകൾ (ടാപ്പ് ആൻഡ് പേ) നടത്തുമ്പോൾ കാർഡ് പ്രകാശിക്കും. ആമസോൺ, ഫ്ലിപ് കാർട്ട്, സൊമാറ്റോ, ബിഗ്ബാസ്ക്കറ്റ്, ആപ്പിൾ തുടങ്ങിയ പ്രമുഖ ബ്രാൻഡുകളിലെ ഇടപാടുകൾക്കും യൂട്ടിലിറ്റി പേയ്മെന്റുകൾക്കും ചെക്ക് ട്രാവലിനും 12 ശതമാനം റിവാർഡ് പോയിന്റുകൾ ലഭിക്കും. 10,000ലധികം വരുന്ന മറ്റ് ബ്രാൻഡുകളിലെ ഇടപാടുകൾക്ക് അഞ്ച് ശതമാനം റിവാർഡ് പോയിന്റുകളും യോഗ്യമായ മറ്റ് എല്ലാ ഇടപാടുകൾക്കും ഒരു ശതമാനം റിവാർഡ് പോയിന്റുകളും ലഭിക്കും.

ചെക്ക് ആപ്പിലൂടെ രണ്ട് പോയിന്റുകൾ ഒരു രൂപ എന്ന നിരക്കിൽ യാത്രാ ബുക്കിങ്ങുകൾക്കും ഗിഫ്റ്റ് കാർഡുകൾ വാങ്ങാനുമായി റിഡീം ചെയ്യാം.

# ഹരി വെള്ളൂർ, അശോക് തുക്കാറാം ധമൻകർ എന്നിവർ ഇസാഫ് ബാങ്ക് ഡയറക്ടർമാർ




ഹരി വെള്ളൂർ, അശോക് തുക്കാറാം

**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മുൻനിര സോഷ്യൽ ബാങ്കായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഡയറക്ടർ ബോർഡിലേക്ക് ധനകാര്യ വിദഗ്ധരായ ഹരി വെള്ളൂർ, അശോക് തുക്കാറാം ധമൻകർ എന്നിവരെ നിയമിച്ചു. ഹരി വെള്ളൂരിനെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടറായും അശോക് തുക്കാറാം ധമൻകറിനെ നോൺ എക്സിക്യൂട്ടീവ് ഇൻഡിപെൻഡന്റ് ഡയറക്ടറായുമാണ് നിയമിച്ചത്. സാമ്പത്തിക രംഗത്ത് മൂന്ന് പതിറ്റാണ്ടിലേറെ പ്രവൃത്തി പരിചയമുള്ള ഹരി വെള്ളൂരിന് ബാങ്കിങ്, ബ്രാഞ്ച് ഓപ്പറേഷൻസ്, ഉപഭോക്തൃ പങ്കാളിത്തം, ബിസിനസ് വികസനം എന്നീ മേഖലകളിൽ ദീർഘകാലത്തെ വൈദഗ്ധ്യമുണ്ട്. മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അദ്ദേഹം, ഇസാഫ് ബാങ്കിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായും എച്ച്ഡിഎഫ്സി ബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ചാറ്റേർഡ് അക്കൗണ്ടന്റായ അശോക് തുക്കാറാം ധമൻകറിന് നിക്ഷേപ ബാങ്കിംഗ്, സുസ്ഥിര ധനകാര്യം, കാർഷിക മൂല്യശൃംഖല, സാമ്പത്തിക സേവനങ്ങൾ എന്നീ മേഖലകളിൽ ദീർഘകാലത്തെ വൈദഗ്ധ്യമുണ്ട്. യുണൈറ്റഡ് ഫോസ്ഫറസ് ലിമിറ്റഡ് എന്ന ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനിയുടെയും സമുന്നതി ഫിനാൻഷ്യൽ ഇന്റർമീഡിയേഷൻ ആൻഡ് സർവീസസിന്റെയും സിഎഫ്ഒ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വെതർ റിസ്ക് മാനേജ്മെന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, നർചർ ഫിനാൻഷ്യൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ ഉപദേശക സമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

# നിറവ് 2026 ലോഗോ പ്രകാശനംചെയ്തു

**ഇരിങ്ങാലക്കുട:** രൂപത കെസിവൈഎമ്മിന്റെ യുവജന കലോത്സവമായ നിറവ് 2026ൻറെ ലോഗോ പ്രകാശനം മന്ത്രി ഒ.ജെ. ജെനീഷ്, ബിഷപ് മാർ പോളി കണ്ണൂക്കാടൻ, എംഎൽഎമാരായ തോമസ് ഉണ്ണിയാടൻ, ടി.ജെ. സനീഷ്കുമാർ ജോസഫ്, രൂപത വികാരി ജനറാൾ മോൺ. ആൻറു ആലപ്പാടൻ എന്നിവർ ചേർന്ന് നിർവഹിച്ചു. കെസിവൈഎം രൂപത ചെയർമാൻ സിബിൻ പൗലോസ്, ജനറൽ സെക്രട്ടറി ജിതിൻ ആൻറണി എന്നിവർ സന്നിഹിതരായിരുന്നു.

താഴെക്കാട് സെൻറ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ കെസിവൈഎം യൂണിറ്റിൻറെ നേതൃത്വത്തിൽ ഒക്ടോബർ നാലിന് രചനാ മത്സരങ്ങളും ഒക്ടോബർ10ന് കലാമത്സരങ്ങളും നടക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മുത്തൂറ്റ് യങ് എ.ഐ ഇന്നൊവേറ്റേഴ്സ്: സ്കൂൾ തലത്തിൽ എഐ പ്രതിഭകളെ വളർത്താൻ 1 കോടി രൂപയുടെ ഫണ്ട്

**കൊച്ചി:** സ്കൂൾ വിദ്യാർഥികൾക്കിടയിലെ എഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) പ്രതിഭകളെ കണ്ടെത്താനും അവരുടെ ആശയങ്ങൾക്ക് ചിറകുനൽകാനുമായി 1 കോടി രൂപയുടെ 'മുത്തൂറ്റ് യങ് എഐ ഇന്നൊവേറ്റേഴ്സ്' പദ്ധതിയുമായി മുത്തൂറ്റ് ഗ്രൂപ്പ്. അടുത്ത 5 വർഷത്തേക്കാണ് ഈ തുക മാറ്റിവെക്കുന്നത്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികളുടെ എഐ ആശയങ്ങളെ കേവലം ആശയം എന്ന നിലയിൽ നിന്ന് മാറ്റി, പ്രോട്ടോടൈപ്പുകളും ഉൽപ്പന്നങ്ങളുമാക്കി മാറ്റാൻ മുത്തൂറ്റ് ഗ്രൂപ്പ് പിന്തുണ നൽകും.

മുത്തൂറ്റ് ഗ്രൂപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമായ, ഇൻഫോപാർക്ക് ഫേസ് രണ്ടിലെ സൻസ്കാര സ്കൂൾ ആയിരിക്കും പദ്ധതിയുടെ ഇൻക്യുബേറ്ററായി പ്രവർത്തിക്കുക. തുടക്കത്തിൽ കേരളത്തിലുടനീളമുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തി ആരംഭിക്കുന്ന പദ്ധതി പിന്നീട് ഘട്ടം ഘട്ടമായി രാജ്യവ്യാപകമാക്കും. വിദഗ്ധരുടെ മാർഗനിർദേശം, സാങ്കേതിക സഹായം, സാമ്പത്തിക പിന്തുണ എന്നിവ പദ്ധതിയിലൂടെ ലഭ്യമാക്കും.

തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ആശയങ്ങൾക്ക് 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ പ്രാഥമിക ഗ്രാന്റായി ലഭിക്കും. കൂടുതൽ സാധ്യതയുള്ള പ്രോജക്ടുകൾക്ക് 10 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ തുടർനിക്ഷേപവും മുത്തൂറ്റ് ഗ്രൂപ്പ് വാഗ്ദാനം ചെയ്യുന്നുണ്ട്.

'ഓരോ വർഷവും ഹാക്കത്തൺ സംഘടിപ്പിക്കുമ്പോൾ വിദ്യാർഥികളിൽ നിന്ന് മികച്ച ആശയങ്ങളാണ് ഉയർന്നുവരുന്നത്. എന്നാൽ ഒരു സമ്മാനം കൊണ്ട് ഇവരുടെ യാത്ര അവസാനിക്കരുത്. അവരുടെ മികച്ച ആശയങ്ങളെ അടുത്ത തലത്തിലേക്ക് വളർത്താൻ സഹായിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം,' മുത്തൂറ്റ് ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

മുത്തൂറ്റ് ഗ്രൂപ്പിന് കീഴിലുള്ള സൻസ്കാര സ്കൂൾ, മിറ്റ്സ് കൊച്ചി, മുത്തൂറ്റ് ബിസിനസ് സ്കൂൾ, എംസൈൻ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ പിന്തുണ ഉറപ്പാക്കുക.

9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി, മിറ്റ്സ് കൊച്ചി ഗൂഗിൾ ക്ലൗഡ് എന്നിവയുമായി ചേർന്ന് സംസ്കാര സ്കൂൾ സംഘടിപ്പിച്ച 'ഹാക്ക് യുവർ ഫ്യൂച്ചർ സീസൺ കക' കോഡിങ് ഹാക്കത്തണിന്റെ സമാപന ചടങ്ങിലായിരുന്നു പ്രഖ്യാപനം. മത്സരത്തിൽ കാക്കനാട് മാർ തോമ പബ്ലിക് സ്കൂൾ ജേതാക്കളായി. എ.ഐ. അടിസ്ഥാനമാക്കി പാഠഭാഗങ്ങൾ ദൃശ്യരൂപത്തിൽ ലളിതമായി വിശദീകരിക്കുന്ന 'ലേൺലി' എന്ന ആപ്പാണ് സ്കൂളിലെ വിദ്യാർത്ഥികൾ രൂപകൽപ്പന ചെയ്തത്.

വ്യായാമം ചെയ്യുമ്പോൾ പോസ്ചർ കൃത്യമാക്കാൻ സഹായിക്കുന്ന ഫ്ലെക്സ് അലൈൻ എഐ' വികസിപ്പിച്ച തൃപ്പൂണിത്തുറ ചോയിസ് സ്കൂൾ രണ്ടാം സ്ഥാനവും, പഠനസമയത്ത് ശ്രദ്ധ തിരിക്കുന്ന ആപ്പുകൾ ബ്ലോക്ക് ചെയ്യാൻ സഹായിക്കുന്ന 'സ്റ്റഡിസ്ക്രോൾ' നിർമിച്ച കിഴക്കമ്പലം സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ മൂന്നാം സ്ഥാനവും നേടി.

കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി 25 ടീമുകളാണ് രണ്ട് ദിവസത്തെ ബൂട്ട് ക്യാമ്പിലും ഹാക്കത്തണിലും പങ്കെടുത്തത്. വരും സീസണുകളിൽ രാജ്യത്തിലുടനീളമുള്ള സ്കൂളുകളിൽ നിന്നുള്ള എഐ പ്രതിഭകളെയും 'ഹാക്ക് യുവർ ഫ്യൂച്ചറിൽ' പങ്കെടുപ്പിക്കും.




# വിസ് ഫിനാൻഷ്യൽ ആപ്പും സ്വിച്ച് സംവിധാനവും അവതരിപ്പിച്ച് വിസ് ഫിനാൻഷ്യൽ

**കൊച്ചി:** വിവിധ സാമ്പത്തിക സേവനങ്ങൾ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിസ് ഫിനാൻഷ്യൽ തയ്യാറാക്കിയ വിസ് ഫിനാൻഷ്യൽ ആപ്പ് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026ൽ പുറത്തിറക്കി.

ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിലായി 360ലധികം ശാഖകളും 50 ലക്ഷത്തിലധികം ഉപഭോക്താക്കളുമുള്ള വിസ് മണിയുടെ സേവനശൃംഖലയും വിശ്വാസ്യതയും വിസ് ഫിനാൻഷ്യലിന്റെ സാങ്കേതികവിദ്യയും സംയോജിപ്പിച്ചാണ് ഈ ആപ്പ് പ്രവർത്തിക്കുന്നത്.

രാജ്യത്തിനകത്തും വിദേശത്തേക്കും പണമയക്കൽ, വിദേശനാണ്യ വിനിമയം, മൾട്ടികറൻസി പ്രീപെയ്ഡ് കാർഡുകൾ. വായ്പാ സൗകര്യങ്ങൾ, ആഗോള ഉപയോക്താക്കൾക്കായി ഇന്ത്യയിലേക്കുള്ള യുപിഐ സേവനങ്ങൾ. ബിൽ പേയ്മെന്റുകൾ, മൊബൈൽ റീചാർജ്, ട്രാവൽവിസ സേവനങ്ങൾ എന്നിവയാണ് ആപ്പിലൂടെ ലഭിക്കുന്ന പ്രധാന സേവനങ്ങൾ.

വിവിധ ആപ്പുകളെയും പ്ലാറ്റ്ഫോമുകളെയും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചു പ്രവർത്തിപ്പിക്കുന്ന സ്വിച്ച് എന്ന സാങ്കേതിക സംവിധാനമാണ് ആപ്പിലെ മറ്റൊരു പ്രധാന സവിശേഷത. യുഎസ്, യുഎഇ, ഇന്ത്യ എന്നിവിടങ്ങളിലെ ആപ്പുകളെയും മറ്റ് തേർഡ്പാർട്ടി വാലറ്റുകളെയും സാമ്പത്തിക പ്ലാറ്റ്ഫോമുകളെയും പരസ്പരം ബന്ധിപ്പിക്കാനാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

വിസ് വിവിധ സാമ്പത്തിക സേവനങ്ങൾ ഉൾക്കൊള്ളുന്ന ശൃംഖലയിൽ തടസ്സങ്ങളില്ലാതെ പണം കൈമാറാൻ സ്വിച്ച് സംവിധാനത്തിലൂടെ സാധിക്കും. കമ്പനിയുടെ സ്വന്തം പേഔട്ട് ശൃംഖല വഴി 80ലധികം രാജ്യങ്ങളിലേക്ക് പണമയക്കാനും ഇതിലൂടെ കഴിയും.

വിസ് ഫിനാൻഷ്യലിന്റെ യുഎസ്, യുഎഇ പ്ലാറ്റ്ഫോമുകളെ ഇന്ത്യയിലെ യുപിഐ സംവിധാനവുമായി ബന്ധിപ്പിച്ച് തത്സമയ പണമിടപാടുകൾ നടത്താൻ ഇത് സഹായിക്കുന്നു. കൂടാതെ യുപിഐ വൺ വേൾഡ് പദ്ധതി വഴി അന്താരാഷ്ട്ര സന്ദർശകർക്കും നിബന്ധനകൾക്ക് വിധേയമായി ഇന്ത്യയിൽ പണരഹിത ഇടപാടുകൾ നടത്താനാകും.

പരസ്പരം ബന്ധിപ്പിക്കപ്പെട്ട ഒരു സാമ്പത്തിക ശൃംഖല നിർമ്മിക്കുന്നതിലെ നിർണായക നാഴികക്കല്ലാണ് ഈ ആപ്പെന്ന് വിസ് ഫിനാൻഷ്യൽ സ്ഥാപകനും ഗ്രൂപ്പ് സിഇഒയുമായ അമീർ നഗാമി പറഞ്ഞു.

മികച്ച സേവനങ്ങളിലൂടെ ദശലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ വിശ്വാസം നേടിയെടുക്കാൻ വിസ്മണിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിസ് ഫിനാൻഷ്യലിന്റെ വിസ്മണി ഇന്ത്യ ഡയറക്ടർ ആൻഡ് സിഇഒ കൃഷ്ണൻ ആർ അഭിപ്രായപ്പെട്ടു.

പ്രധാന ആഗോള ധനകാര്യ മേഖലകളിലെ ഉപഭോക്താക്കളെയും ബിസിനസുകളെയും ബന്ധിപ്പിക്കുന്ന ഒരു സംയോജിത പ്ലാറ്റ്ഫോം ലഭ്യമാക്കാനുള്ള വിസ് ഫിനാൻഷ്യലിന്റെ തന്ത്രപ്രധാനമായ നീക്കങ്ങളുടെ ഭാഗമായാണ് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ വിസ് ഫിനാൻഷ്യൽ ആപ്പ് പുറത്തിറക്കിയത്.



# ജോസ് ആലുക്കാസും പിഎഫ്സി കേരളയും ചേർന്ന് ടീമിന്റെ പുതിയ ബസ് ഫ്ളാഗ് ഓഫ് ചെയ്തു

**തൃശൂർ:** ഗുണമേന്മ, നൂതനത്വം, ട്രെൻഡി ആഭരണങ്ങൾ എന്നിവയ്ക്ക് പേരുകേട്ട ജോസ് ആലുക്കാസും പിഎഫ്സി കേരളയും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായി ക്ലബ്ബിന്റെ പുതിയ ടീം ബസ് ഫ്ലാഗ് ഓഫ് ചെയ്തു.

തൃശൂരിൽ നടന്ന ചടങ്ങിൽ ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർമാരായ പോൾ ആലുക്കാസ്, ജോൺ ആലുക്കാസ്, വർഗീസ് ആലുക്കാസ് എന്നിവർ പുതിയ ബസ് ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് ബസിന്റെ ചിത്രം പ്രതീകാത്മകമായി ടീമിന് കൈമാറി.

പിഎഫ്സി കേരളയും ജോസ് ആലുക്കാസും തമ്മിലുള്ള സഹകരണത്തിന്റെ രണ്ടാം വർഷമാണിത്. പിഎഫ്സി കേരളയുടെയും ജോസ് ആലുക്കാസിന്റെയും ലോഗോകൾ ആലേഖനം ചെയ്തിരിക്കുന്ന എയർകണ്ടീഷൻ ചെയ്ത ലോഫ്ലോർ ബസിൽ നൂതന സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ദീർഘദൂര യാത്രകൾക്ക് അനുയോജ്യമായ രീതിയിലാണ് ബസ് സജ്ജീകരിച്ചിരിക്കുന്നത്. വിവിധ മത്സരങ്ങൾക്കും ടൂർണമെന്റുകൾക്കുമുള്ള ടീമിന്റെ യാത്രാ ആവശ്യങ്ങൾക്കായി പുതിയ ബസ് ഉപയോഗിക്കും.

നിരവധി വർഷങ്ങളായി കേരളത്തിലെ ഫുട്ബോളിന് പിന്തുണ നൽകിവരുന്ന സ്ഥാപനമാണ് ജോസ് ആലുക്കാസ്. യുവതാരങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം യുവ കായികതാരങ്ങൾക്ക് മത്സരിക്കാനുള്ള വേദിയൊരുക്കുന്ന വിവിധ ടൂർണമെന്റുകൾക്കും സ്ഥാപനം പിന്തുണ നൽകുന്നുണ്ട്.

8 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിലെ ഫുട്ബോൾ പ്രതിഭകളെ വളർത്തിയെടുക്കുകയാണ് പിഎഫ്സി കേരളയുടെ ലക്ഷ്യം. പ്രത്യേകിച്ച് ഗ്രാമീണ ഇന്ത്യയിൽ നിന്നുള്ള, കഴിവുകൾ തിരിച്ചറിയപ്പെടാനും അവസരങ്ങൾ ലഭിക്കാനും പരിമിതമായ സാഹചര്യങ്ങളുള്ള കുട്ടികൾക്ക് പരിശീലനവും അവസരങ്ങളും ഒരുക്കുന്നതിലാണ് ക്ലബ്ബിന്റെ പ്രത്യേക ശ്രദ്ധ.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com